**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1987. 16.06.2014 ൽ മറുപടിയ്ക്ക്.

## സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിൽ യോഗം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ<br>,, എം. എ. വാഹീദ്<br>,, റ്റി. എൻ. പ്രതാപൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2013 ഡിസംബറിൽ സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ; | (എ) | സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ ഇരുപതാമത് സമ്മേളനം 2013 ഡിസംബർ 26, 27 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്നു. ഗോവ, കർണ്ണാടക, കേരള എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗതാഗത വകുപ്പ് മന്ത്രിമാർ, ഗോവ, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗതാഗത സെക്രട്ടറിമാരും, ആന്ധ്ര, കേരളം, പോണ്ടിച്ചേരി, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗതാഗത കമ്മീഷണർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത സമ്മേളനം 26 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. 27-ാം തീയതിയിലെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് അന്നത്തെ കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ഓസ്കാർ ഫെർണാണ്ടസ് ആയിരുന്നു. |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത് ;വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അംഗ സംസ്ഥാനങ്ങൾ ഗതാഗത മേഖലയിൽ അഭിമുഖീകരിക്കുന്ന റോഡ് നികുതി, റോഡ് സുരക്ഷ, സ്ത്രീസുരക്ഷ, നിർഭയ ഫണ്ട് ഉൾപ്പെടെ 37 വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. |
| (സി) | സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തെല്ലാം ആവശ്യങ്ങളാണ് യോഗത്തിൽ ഉന്നയിച്ചത് ; വിശദമാക്കുമോ ; | (സി) | പൊതുജനങ്ങൾക്ക് ഗുണകരമായ വിധത്തിൽ നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും, വിവിധ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന ഉടമ്പടികൾ പുതുക്കുന്നതു സംബന്ധിച്ചും, അന്തർസംസ്ഥാന മോട്ടോർ ക്യാബ് പെർമിറ്റുകളുടെ എണ്ണം 400-ൽ നിന്നും 2000 ആക്കുന്നതു സംബന്ധിച്ചും ചർച്ചകൾ നടന്നു. റോഡ് നികുതിയിലുള്ള അന്തരം കുറയ്ക്കുന്ന കാര്യവും ചർച്ച ചെയ്തു. |
| (ഡി) | യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ തുടർനടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ട കാര്യങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് പോയി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. ആയതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. മറ്റു സംസ്ഥാനങ്ങളുമായുള്ള വിഷയങ്ങളിൽ എല്ലാറ്റിനും തന്നെ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി തുടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ.